# ബിഎൽഒ ഇ-പത്രിക




NOTHING LIKE VOTING
I VOTE FOR SURE
NVD2023

चुनाव का पर्व
DESH KA GARV
LOK SABHA ELECTION 2024

വാല്യം 10

चुनाव का पर्व
**DESH KA GARV**
LOK SABHA ELECTION 2024

നമ്മുടെ നാട്ടിലെ തിരഞ്ഞെടുപ്പ് വെറുമൊരു ഉത്സവമല്ല; അവ ഓരോ ഇന്ത്യക്കാരന്റേയും അഭിമാനം കൂടിയാണ്. **"ചുനവ് കാ പർവ്, ദേശ് കാ ഗാർവ് "** (തിരഞ്ഞെടുപ്പുകൾ: രാഷ്ട്രത്തിന്റെ ഏറ്റവും വലിയ ഉത്സവവും അഭിമാനവും) എന്ന പ്രമേയത്തിലൂടെ 2024ലെ പാർലമെന്ററി തിരഞ്ഞെടുപ്പിന്റെ സാരാംശം ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ കൃത്യമായി സൂചിപ്പിക്കുന്നു. വോട്ടർമാരെ ബോധവൽക്കരിക്കുന്നതിനും അവരിൽ അവബോധം വളർത്തുന്നതിനുമായി 14ാമത് ദേശീയ സമ്മിതിദായക ദിനത്തിലാണ് ഈ പ്രമേയം അനാവരണം ചെയ്തത്. ശാക്തീകരിക്കുന്നതിൽ തെരഞ്ഞെടുപ്പുകളുടെ സ്വാധീനം ഈ പ്രമേയം ഊന്നിപ്പറയുന്നു, ഒപ്പം വ്യക്തികളെ അവരുടെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും വിനിയോഗിക്കാൻ പ്രാപ്തരാക്കുന്നു. അതേസമയം തന്നെ ആഗോളതലത്തിൽ ഇന്ത്യൻ ജനാധിപത്യത്തിന്റെ ആദരണീയമായ സ്ഥാനം പ്രദർശിപ്പിക്കുകയും ചെയ്യുന്നു. ടെലിവിഷൻ, റേഡിയോ, സോഷ്യൽ മീഡിയ, കമ്മ്യൂണിറ്റി ഔട്ട്റീച്ച് തുടങ്ങിയ വിവിധ ആശയവിനിമയമാധ്യമ സാധ്യതകൾ പ്രയോജനപ്പെടുത്തി വോട്ടർ അവബോധം വർദ്ധിപ്പിക്കുന്നതിന് സമഗ്രമായ സമീപനമാണ് ഈ കാമ്പെയിൻ സ്വീകരിക്കുന്നത്.

**#NothinglikeVoting**
**#IVoteforSure**
**#MeravoteDeshkeliye**

## എഡിറ്റോറിയൽ കമ്മിറ്റി

**എൻ. എൻ. ബ്യൂട്ടോലിയ**
സീനിയർ പ്രിൻസിപ്പൽ സെക്രട്ടറി
(ഇലക്ടറൽ റോൾ)

**അശോക് കുമാർ**
ഡയറക്ടർ (IT)

**കുൽദീപ് കുമാർ സഹരാവത്ത്**
ഡയറക്ടർ (ട്രെയിനിംഗ്),
IIIEDM

**എസ്. സുന്ദർ രാജൻ**
ഡയറക്ടർ (EVM)

**ദീപാലി മസിർക്കർ**
ഡയറക്ടർ (ഇലക്ഷൻപ്ലാനിങ്)

**സന്തോഷ് അജ്മീര**
ഡയറക്ടർ (SVEEP)
മെമ്പർ കൺവീനർ

## എഡിറ്റോറിയൽ ടീം

**ആർ കെ സിംഗ്**
കോർഡിനേറ്റർ (SVEEP)

**അനൂജ് ചന്ദക്**
ജോയിന്റ് ഡയറക്ടർ മീഡിയ
(SVEEP)

**രജനി ഉപാധ്യായ്**
കമ്മ്യൂണിക്കേഷൻ
കൺസൽറ്റന്റ്

**ഇഷാ ഖാൻ**
ഗ്രാഫിക് ഡിസൈനർ

# ഒഡിഷയിൽ നിന്നുള്ള ബിഎൽഒ മാസ്കട്ട് മിത ദീദിയെ പരിചയപ്പെടാം




നമസ്തേ, ഞാൻ മിത. മിതാ ദീദി എന്നറിയപ്പെടുന്നു. ഒഡിഷയിൽ നിന്നുള്ള ബൂത്ത് ലെവൽ ഓഫീസർ പ്രതിനിധിയാണ്. തിരഞ്ഞെടുപ്പ് ബോധവത്കരണം പ്രചരിപ്പിക്കുന്നതിനും, വോട്ട് ചെയ്യുക എന്ന അവരുടെ മൗലിക അവകാശം വിനിയോഗിക്കുന്നതിനായി ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയുള്ള പ്രചാരകയാണ്. വിവിധ ഔട്ട്റീച്ച് പദ്ധതികളിലൂടെയും സംവേദനാത്മക സെഷനുകളിലൂടെയും തിരഞ്ഞെടുപ്പ് വിദ്യാഭ്യാസത്തിനുള്ള അവതരണങ്ങളിലൂടെയും ഞാൻ വോട്ട് ചെയ്യുന്നതിന്റെയും തിരഞ്ഞെടുപ്പ് പ്രക്രിയയുടെയും പ്രാധാന്യത്തെ വിജയകരമായി പ്രചരിപ്പിച്ചു. എന്നെപ്പോലെതന്നെ ഓരോ ബിഎൽഒയും സാർവത്രികവും വിദ്യാഭ്യാസപരവും പൗരന്മാർക്ക് ഇടപഴകാവുന്നതുമായ തിരഞ്ഞെടുപ്പ് പ്രക്രിയ എന്ന തത്വം ഉൾക്കൊള്ളുന്ന ജനാധിപത്യത്തിന്റെ വഴിവിളക്കായി നിലകൊള്ളുന്നു. അവർ തിരഞ്ഞെടുപ്പ് പങ്കാളിത്തത്തിന്റെയും അവബോധത്തിന്റെയും ഒരു സംസ്കാരം വളർത്തിയെടുക്കുന്നു. അത് പ്രശംസനീയമാണ്, രാജ്യത്തുടനീളമുള്ള ജനാധിപത്യം വർദ്ധിപ്പിക്കുന്നതിനുള്ള നൂതന സമീപനങ്ങൾക്ക് ഒരു മാതൃകയാണ്.

2024ലെ പൊതുതിരഞ്ഞെടുപ്പ് ആസന്നമായതിനാൽ, എല്ലാ വോട്ടർമാർക്കും സുഗമമായ വോട്ടെടുപ്പ് ഉറപ്പാക്കാൻ ബിഎൽഒമാർ സജ്ജരാകുകയും അവരുടെ ശ്രമങ്ങൾ പരമാവധിയാക്കുകയും ചെയ്യേണ്ടത് നിർണായകമാണ്. ഓരോ ബിഎൽഒയ്ക്കും അവരുടെ പ്രദേശത്തെ സമ്മതിദായകരിൽ 'ഈസ് ഓഫ് വോട്ടിങ് (അനായാസം വോട്ട് ചെയ്യൽ)' എന്ന ആശയം എങ്ങനെ ഫലപ്രദമായി പ്രോത്സാഹിപ്പിക്കാമെന്ന് ചർച്ച ചെയ്യാനാണ് ഞാൻ ഇവിടെ വന്നത്. അതിനാൽ, വോട്ടർമാർക്ക് എങ്ങനെ വോട്ടർ പട്ടികയിൽ അവരുടെ പേര് പരിശോധിക്കാം എന്നത് പ്രചരിപ്പിച്ചുകൊണ്ട് നമുക്ക് ആരംഭിക്കാം:

- അവർക്ക് അവരുടെ ബിഎൽഒയെ സന്ദർശിച്ച് ഓഫ്ലൈനായി വോട്ടർ പട്ടികയിൽ അവരുടെ പേര് പരിശോധിക്കാം.
- വോട്ടർ ഹെൽപ്പ്ലൈൻ ആപ്പ് ഡൗൺലോഡ് ചെയ്ത് അല്ലെങ്കിൽ വോട്ടേഴ്സ് സർവീസ് പോർട്ടൽ (https://tmp.eci.gov.in/voters-services-portal) സന്ദർശിച്ച് അവർക്ക് അവരുടെ പേര് ഓൺലൈനായി പരിശോധിക്കാം.
- അവർക്ക് 1950 എന്ന നമ്പറിൽ ഒരു SMS അയയ്ക്കാം (ECI <സ്പേസ്> <EPIC നമ്പർ>). എയർടെൽ, ജിയോ, വോഡഫോൺ നെറ്റ്വർക്കുകളിൽ ഈ സേവനങ്ങൾ ലഭ്യമാണ്.
- അവരുടെ ബൂത്തുകളിലെ ഗ്രാമ/നഗര പഞ്ചായത്തിലും ചുനാവ് പാഠശാലകളിലും ബിഎൽഒമാർ വോട്ടർ പട്ടിക നിർബന്ധമായും വായിക്കണം.
- പോളിംഗ് ദിവസം, വോട്ടർമാരെ സഹായിക്കാൻ ബൂത്തിലെ ഹെൽപ്പ് ഡെസ്കിൽ ബിഎൽഒ ഉണ്ടായിരിക്കണം.
- ബിഎൽഒ അവരുടെ പോളിംഗ് സ്റ്റേഷൻ പരിധിയിലെ എല്ലാ വീടുകളിലും വോട്ടർ ഗൈഡും വോട്ടർ സ്ലിപ്പും പോളിംഗ് ദിവസത്തിന് മൂന്ന് ദിവസം മുമ്പ് വിതരണം ചെയ്യേണ്ടതുണ്ട്.



മിതാ ദീദി: നോക്കൂ, യുവജനങ്ങൾ, മുതിർന്ന പൗരന്മാർ, സ്ത്രീകൾ, നവദമ്പതികൾ, ട്രാൻസ്ജെൻഡർ വ്യക്തികൾ, ഭിന്നശേഷിയുള്ളവർ (PwDs), സവിശേഷ ദുർബലരായ ആദിവാസി വിഭാഗങ്ങൾ (PVTG), നാടോടികൾ, ലൈംഗികത്തൊഴിലാളികൾ എന്നിവർ ഉൾപ്പെടെ അടങ്ങുന്ന നമ്മുടെ ലക്ഷ്യ ഗ്രൂപ്പുകളിലേക്ക് ഓരോരുത്തരുടെയും സവിശേഷത അനുസരിച്ച് സന്ദേശങ്ങൾ തയ്യാറാക്കേണ്ടത് നിർണായകമാണ്.

ഏകദേശം 1.85 കോടി യുവ വോട്ടർമാർ (18-19 വയസ്സ്) ഇലക്ടറൽ ലിസ്റ്റിലുണ്ടെന്നറിയുന്നത് ആവേശകരമാണ്. ഞങ്ങളുടെ സഹ ബിഎൽഒമാരുടെ ശ്രമങ്ങൾ ഇപ്പോൾ ദൃശ്യമാണ്. ഞങ്ങളുടെ അടുത്ത ലക്ഷ്യം യോഗ്യരായ ഓരോ യുവ വോട്ടർമാരെയും വന്ന് വോട്ട് ചെയ്യാൻ പ്രോത്സാഹിപ്പിക്കുക എന്നതാണ്. സർഗാത്മകമായ പോസ്റ്ററുകൾ, ടി വി പരസ്യങ്ങൾ, കൂടാതെ വോട്ടർ വിദ്യാഭ്യാസം സംബന്ധിച്ച മറ്റ് സംരംഭങ്ങളും നിലവിൽ അവരിലുള്ള നിസ്സംഗത മറികടക്കുന്നതിനായി ഓരോ യുവ വോട്ടറിലും എത്തണം.

## ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തുന്ന #MeraPhelaVoteDeshkeliye (എന്റെ ആദ്യത്തെ വോട്ട് രാജ്യത്തിനായി) എന്ന കാമ്പെയിനിനെക്കുറിച്ച് നിങ്ങൾക്കറിയാമോ?



18-19 പ്രായക്കാർക്കിടയിലെ കുറഞ്ഞ വോട്ടിങ് ശതമാനത്തിന്റെ പ്രാഥമിക കാരണങ്ങളിൽ ഒന്നായി നിരീക്ഷിക്കപ്പെടുന്നത്, തിരഞ്ഞെടുപ്പുകളിലെ യുവാക്കളുടെ നിസ്സംഗതയാണ്. ഈ പ്രശ്നത്തെ അഭിസംബോധന ചെയ്യാൻ ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ #MeraPhelaVoteDeshkeliye (എന്റെ ആദ്യത്തെ വോട്ട് രാജ്യത്തിനായി) എന്ന കാമ്പെയിൻ ആരംഭിച്ചു. ആദ്യമായി വോട്ട് ചെയ്യുന്നവരെ ലക്ഷ്യമിടുന്ന ഈ സവിശേഷമായ കാമ്പെയിൻ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യത്തിലെ തിരഞ്ഞെടുപ്പിന്റെ പ്രാധാന്യത്തെയും വോട്ട് ചെയ്യുന്നതിലുള്ള അഭിമാനത്തെയും പ്രതീകപ്പെടുത്തുന്നു.

## നിങ്ങൾക്ക് അറിയാമോ?

വോട്ടിങ് പ്രക്രിയയിൽ യുവാക്കൾക്ക് താൽപ്പര്യമോ പ്രചോദനമോ അല്ലെങ്കിൽ അതുമായുള്ള ഇടപഴകലോ ഇല്ലായ്മ കാണിക്കുന്ന ഒരു പ്രതിഭാസത്തെയാണ് വോട്ടെടുപ്പ് പങ്കാളിത്തത്തിലെ യുവാക്കളുടെ നിസ്സംഗത സൂചിപ്പിക്കുന്നത്.

വോട്ട് ചെയ്യുന്നതിന് താൽപ്പര്യക്കുറവ്/വോട്ടിങ് പ്രക്രിയയിൽ വിശ്വാസമില്ലായ്മ, 'എന്റെ ഒരു വോട്ട് കൊണ്ട് എന്ത് സംഭവിക്കാൻ' എന്ന മനോഭാവം എന്നിവ ഉൾപ്പെടെയുള്ള ഘടകങ്ങളുടെ സംഗമമാണ് ഈ പ്രതിഭാസം മുന്നോട്ട് കൊണ്ടുപോകുന്നത്. കൂടാതെ, യുവാക്കൾ വോട്ടിംഗ് ദിനത്തിൽ അവരുടെ ദൈനംദിന പ്രവർത്തനങ്ങളെക്കാൾ വോട്ട് ചെയ്യുന്നതിന് മുൻഗണന നൽകുന്നതിൽ ഉദാസീനത കാണിക്കുകയും അത് അവധിയായി എടുക്കുകയും ചെയ്യുന്നതായി നിരീക്ഷിക്കപ്പെടുന്നു. വെള്ളിയാഴ്ചയാണ് വോട്ടെടുപ്പ് എങ്കിൽ പലർക്കും അത് 'ലോങ് വീക്കെൻഡ്' (നീണ്ട വാരാന്ത്യ അവധി' ആയി മാറും. യുവാക്കളെ പ്രചോദിപ്പിക്കുകയും ഇത് ഒരു അവധിദിനമല്ലെന്ന് ഊന്നിപ്പറയുകയും 'വോട്ടിംഗ് ദിനം' എന്ന് ഊന്നിപ്പറയുകയും അവരുടെ തിരഞ്ഞെടുപ്പ് കടമ നിർവഹിക്കാനുള്ള ബോധം ഉണർത്തുകയും ചെയ്യേണ്ടത് വളരെ ആവശ്യമാണ്.



171 ലഖ്നൗ വെസ്റ്റ് ഉത്തർപ്രദേശിൽ 107 കമല കൺവന്ത് സ്കൂൾ ആലം നഗർ മോഹൻ റോഡിൽ നിന്നുള്ള ബിഎൽഒ ശ്രീ. രാം ബക്ഷിന്റെ 'യുവാക്കൾ ബൂത്തിലേക്ക് എന്ന പ്രചോദനാത്മകമായ കഥ ഞാൻ നിങ്ങളോട് പറയട്ടെ. ലഖ്നൗ ജില്ലയിലെ ഇലക്ടറൽ റോൾ 2024ന്റെ പ്രത്യേക അവലോകന വേളയിൽ, 18-19 വയസ് പ്രായമുള്ള 34 വോട്ടർമാരുടെ പേര് വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താൻ അദ്ദേഹത്തിന്റെ ശ്രമങ്ങൾ കാരണമായി. അദ്ദേഹത്തിന്റെ സമർപ്പണത്തിനുള്ള അംഗീകാരമായി 14ാമത് ദേശീയ സമ്മതിദായകരുടെ ദിനം2024ന്റെ ഭാഗമായി, 2024 ജനുവരി 25ന് ഉത്തർപ്രദേശിലെ ലഖ്നൗവിൽ നടന്ന ദേശീയ സമ്മതിദായക ദിനത്തിന്റെ സംസ്ഥാനതല ചടങ്ങിൽ അദ്ദേഹത്തെ ആദരിച്ചു.

# 85 വയസ്സിന് മുകളിലുള്ള മുതിർന്ന പൗരന്മാർക്കും ഭിന്നശേഷി വോട്ടർമാർക്കുമായുള്ള സമർപ്പിത ഇടപെടലുകൾ

ഭിന്നശേഷി വ്യക്തികൾക്ക് സൗകര്യമൊരുക്കുന്നതിനായി ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ സക്ഷം ആപ്പ് എന്ന മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്. അംഗപരിമിതിയോ ചലനശേഷിയോ ശാരീരിക പ്രവർത്തനങ്ങളോ കുറവുള്ളതോ ആയ ഒരു വ്യക്തിക്ക് ഭിന്നശേഷിവോട്ടറായി സ്വയം സാക്ഷ്യപ്പെടുത്തി വോട്ടർ പട്ടികയിൽ ചേർക്കാവുന്നതാണ്. ഈ ആപ്ലിക്കേഷൻ എല്ലാ ഭിന്നശേഷി വോട്ടർമാർക്കും വിവിധ സൗകര്യങ്ങൾ അവരുടെ വാതിൽ പടിയിലെത്തിച്ചു നൽകുന്നു.

**അവയിൽ ചിലത് ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നു:**

- പുതിയ വോട്ടർ ഐഡി രജിസ്ട്രേഷനായുള്ള അപേക്ഷ
- താമസസ്ഥല മാറ്റത്തിനായുള്ള അപേക്ഷ
- മേൽവിലാസം അപ്ഡേറ്റ് ചെയ്യുന്നതിനുള്ള അപേക്ഷ
- വോട്ടെടുപ്പ് ദിവസം വീൽചെയറിനുള്ള അപേക്ഷ
- മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ പട്ടിക





മുതിർന്ന പൗരന്മാർക്കും ഭിന്നശേഷി വോട്ടർമാർക്കും വോട്ട് ചെയ്യാനുള്ള സൗകര്യം ഉറപ്പാക്കുകയും അവരെ വൻതോതിൽ പുറത്തുവരാനും അവരുടെ ജനാധിപത്യ അവകാശം വിനിയോഗിക്കാനും പ്രോത്സാഹിപ്പിക്കുന്നതിനുമായാണ് 'ഉറപ്പുനൽകുന്ന മിനിമം സൗകര്യങ്ങൾ'. കൂടാതെ, 85 വയസ്സിന് മുകളിലുള്ള മുതിർന്ന പൗരന്മാർക്കും ബെഞ്ച്മാർക്ക് സർട്ടിഫിക്കറ്റുള്ള പിഡബ്ല്യുഡികൾക്കും പോളിംഗ് ബൂത്തിൽ പ്രത്യേക ക്യൂ ഉണ്ട്, അതിനാൽ കാത്തിരിപ്പ് സമയം ആവശ്യമില്ല. ബിഎൽഒ നൽകുന്ന ഫോം 12D പൂരിപ്പിച്ച് അവർക്ക് വീട്ടിലിരുന്ന് വോട്ടിംഗ്/പോസ്റ്റൽ ബാലറ്റ് സൗകര്യവും തിരഞ്ഞെടുക്കാം.

# പോളിംഗ് സ്റ്റേഷനിലെ 'ഉറപ്പുനൽകുന്ന മിനിമം സൗകര്യങ്ങൾ'








മുതിർന്ന പൗരന്മാർക്കും ഭിന്നശേഷി വ്യക്തികൾക്കും (PwD) സൗകര്യമൊരുക്കുന്നതിനെ കുറിച്ച് ഒരു പ്രചോദനാത്മക കഥ പറയാം. നിയമസഭാ തിരഞ്ഞെടുപ്പിൽ തെലങ്കാനയിലെ മഹബൂബാബാദ് ജില്ലയിലെ അബ്ബായിപാലം ഗ്രാമത്തിലെ ബിഎൽഒ (പിഎസ് നമ്പർ 229) ശ്രീമതി വി. സമ്പൂർണയിൽ നിന്നാണ് കഥ. ഇവർ കഴിഞ്ഞ അഞ്ച് വർഷമായി ബിഎൽഒ ആയി സേവനമനുഷ്ഠിക്കുന്നു.

വോട്ടർമാരുടെ പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിന്, പ്രത്യേകിച്ച് മുതിർന്ന പൗരന്മാരും ഭിന്നശേഷി വ്യക്തികൾ (PwD) ആയിട്ടുള്ളവർക്കും ഇടയിൽ, അവർ സജീവമായ നടപടികൾ നടപ്പിലാക്കുകയും ഈ വിഭാഗങ്ങളിൽ ഏകദേശം 50% വോട്ടർ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്തു. ഈ ശ്രമങ്ങൾക്ക് പുറമേ, വോട്ടർ ഇൻഫർമേഷൻ സ്ലിപ്പുകളുടെ വിതരണം, പോളിംഗ് ദിനത്തിൽ വോട്ടുചെയ്യുന്നതിന് ആവശ്യമായ ഐഡന്റിറ്റി പ്രൂഫ് ഡോക്യുമെന്റുകൾ വിശദീകരിക്കുന്ന ലഘുലേഖകൾ, കൂടാതെ തെലുങ്ക് ഭാഷയിലെ സിവിജിൽ, വോട്ടർ ഇൻഫർമേഷൻ ഗൈഡ് എന്നിവയും പോളിംഗ് സ്റ്റേഷനിലെ വോട്ടർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് പ്രേരകമായി.

മിതാ ദീദി: പോളിംഗ് സ്റ്റേഷനുകളിൽ സന്നദ്ധപ്രവർത്തകരും അമ്മമാരെയും കുട്ടികളെയും പരിപാലിക്കാൻ പ്രത്യേക മുറികളും സജ്ജീകരിച്ച് സ്ത്രീകൾക്ക് സൗകര്യവും ഉറപ്പാക്കിയിട്ടുണ്ട്. ഒരു പ്രത്യേക ക്യൂ അവരുടെ വോട്ടിംഗ് അനുഭവം സുഖകരവും കാര്യക്ഷമവുമാണെന്ന് ഉറപ്പാക്കുന്നു.







*നിങ്ങളുടെ സുഹൃത്തുക്കളെയും കുടുംബാംഗങ്ങളെയും വാട്സ്ആപ്പ് വഴിയും ഇൻസ്റ്റാഗ്രാം, ഫേസ്ബുക്ക് പോലുള്ള മറ്റ് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ വഴിയും വോട്ട് ചെയ്യണമെന്ന് അറിയിക്കാൻ മറക്കരുത്.*



കൂടുതൽ കഠിനാധ്വാനം ചെയ്യാനും ഒരു വോട്ടറും പിന്നിൽ ഉപേക്ഷിക്കപ്പെടില്ല എന്ന് ഉറപ്പാക്കാനും എന്നെ പ്രചോദിപ്പിക്കുന്ന ചില പ്രചോദനാത്മകമായ കഥകൾ താഴെത്തട്ടിൽ നിന്ന് വരുന്നുണ്ട്. ഈ കഥകളിൽ ചിലത് ഞാൻ നിങ്ങളുമായി പങ്കുവെക്കട്ടെ; അവ നിങ്ങളെയും പ്രചോദിപ്പിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്.



29-ഖേദ്ബ്രഹ്മ മണ്ഡലത്തിലെ 44-സെബാലിയ 1ൽ നിന്നുള്ള സ്നേഹി ചിരാഗ് വിനുഭായ് ഗുജറാത്തിൽ നിന്നുള്ള മികച്ച ബിഎൽഒ (സംസ്ഥാന തലം) ആയി തിരഞ്ഞെടുക്കപ്പെട്ടു.



ഗുജറാത്തിലെ സബർകാന്ത ജില്ലയിലെ പോഷിന താലൂക്കിലാണ് അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന, ഗോത്ര വിഭാഗങ്ങൾ അധിവസിക്കുന്ന സെബാലിയ ഗ്രാമം ഉള്ളത്. വൈവിധ്യപൂർണവും വിദൂരവുമായ ഈ പ്രദേശത്ത്, ചിരാഗ്ഭായ് സ്നേഹി ഒരു ബിഎൽഒ എന്ന നിലയിൽ ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. യോഗ്യരായ ഓരോ പൗരനും വോട്ട് രേഖപ്പെടുത്തുകയും അവരുടെ ജനാധിപത്യ അവകാശങ്ങൾ വിനിയോഗിക്കേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ഭൂമിശാസ്ത്രപരമായ തടസ്സങ്ങളെയും സാംസ്കാരിക വ്യത്യാസങ്ങളെയും മറികടന്ന് അദ്ദേഹം സമൂഹവുമായി സജീവമായി ഇടപെട്ടു. ചിരാഗ്ഭായ് സ്നേഹി വോട്ടർ വിദ്യാഭ്യാസ കാമ്പെയിനുകൾ, രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ, ബോധവൽക്കരണ ശിൽപശാലകൾ എന്നിവ ഉൾപ്പെടെ നിരവധി പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

കൂടാതെ, അറിവുകളും വിഭവങ്ങളും ലഭിക്കുന്നതിൽ പരിമിതി നേരിടുന്ന പ്രദേശങ്ങളിൽ വോട്ടർ രജിസ്ട്രേഷൻ സുഗമമാക്കുന്നതിന് ചിരാഗ്ഭായ് നൂതനമായ രീതികൾ അവലംബിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പരിശ്രമത്തിന്റെ ഫലമായി, വീടുവീടാന്തരം സന്ദർശന പരിപാടിയിലൂടെ 41 പുതിയ വോട്ടർമാരെയും, വോട്ടർ പട്ടികയുടെ പ്രത്യേക സംക്ഷിപ്ത വോട്ടർ പട്ടിക തയ്യാറാക്കലിൽ 49 പേരെയും അദ്ദേഹം വിജയകരമായി ചേർത്തു. കൂടാതെ, വോട്ടർ പട്ടിക സംശുദ്ധമാക്കുന്നതിനായി അദ്ദേഹം 72 ഫോം 7 അപേക്ഷകൾ കൈകാര്യം ചെയ്തു, ഡ്യൂപ്ലിക്കേഷനും പിശകുകളും ഫലപ്രദമായി ഒഴിവാക്കി. എല്ലാവരുടെയും വിഷയങ്ങൾ കേൾക്കുന്നുവെന്ന് ഉറപ്പാക്കിക്കൊണ്ട് കൂടുതൽ ഉൾക്കൊള്ളുന്നതും ജനാധിപത്യപരവുമായ ഒരു സമൂഹം കെട്ടിപ്പടുക്കാൻ ചിരാഗ്ഭായ് പ്രത്യേക ശ്രമങ്ങൾ നടത്തി. നൂതനവും പ്രശംസനീയവുമായ രീതിയിൽ തന്റെ ചുമതലകൾ നിർവഹിക്കുന്ന അദ്ദേഹം ഒരു ബിഎൽഒയുടെ ഉജ്ജ്വല മാതൃകയായി വർത്തിക്കുന്നു.




മറ്റൊരു കഥ, ഗോവയിലെ 32ബെനൗലിം അസംബ്ലി മണ്ഡലത്തിലെ ചാൾസ്റെഡ്ഡി റോഡ്രിഗസിന്റേതാണ്. തന്റെ ചുമതലകൾക്കായി അർപ്പണമനോഭാവത്തോടെ പ്രവർത്തിക്കുന്ന ശ്രീ. റോഡ്രിഗസ് ശുഷ്കാന്തിയോടെ വീടുതോറുമുള്ള സന്ദർശനം നടത്തി വോട്ടർമാരെക്കുറിച്ചുള്ള സമഗ്രമായ വിവരങ്ങൾ ശേഖരിച്ചു. 2024ലെ പ്രത്യേക സംക്ഷിപ്ത വോട്ടർപട്ടിക പുതുക്കൽ വേളയിൽ യോഗ്യരായ വോട്ടർമാരെയും പുതുക്കിയ രേഖകളെയും പരിശോധിക്കുന്നതിനൊപ്പം മരണപ്പെട്ടവരുടെയും ഡ്യൂപ്ലിക്കേറ്റ് വോട്ടർമാരുടെയും പരിശോധന അദ്ദേഹം ഫലപ്രദമായി കൈകാര്യം ചെയ്തിട്ടുണ്ട്.

തന്റെ ബിഎൽഒ ചുമതലകളിൽ വലിയ ഉത്സാഹം പ്രകടിപ്പിച്ചുകൊണ്ട് എസ്എസ്ആർ 2023-24 കാലത്ത് വിവിധ SVEEP പ്രവർത്തനങ്ങളിൽ അദ്ദേഹം സജീവമായി പങ്കെടുത്തു. 32ബൈനൗലിം അസംബ്ലി മണ്ഡലത്തിനായി എഇആർഒ സംഘടിപ്പിച്ച ബോധവൽക്കരണ റാലിയിൽ ചേരുന്നതും വോട്ടിംഗ് വിഷയങ്ങളിൽ പോസ്റ്റർ, മുദ്രാവാക്യ മത്സരങ്ങൾ തുടങ്ങിയ പരിപാടികൾ ഏകോപിപ്പിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു.

32ബൈനൗലിം അസംബ്ലി നിയോജക മണ്ഡലത്തിലെ 20ാം നമ്പർ ഭാഗത്തിന്റെ വോട്ടർ പട്ടിക പിശക് രഹിതമാണെന്ന് ശ്രീ. റോഡ്രിഗസ് ഉത്സാഹത്തോടെ ഉറപ്പാക്കിയിട്ടുണ്ട്. ഫോട്ടോ അപ്ഡേറ്റ് 100% നിലനിർത്തുകയും എന്തെങ്കിലും പിശകുകൾ ഉണ്ടെങ്കിൽ ഉടനടി പരിഹരിക്കുകയും ചെയ്തു. വോട്ടർമാർക്ക് ആവശ്യമായ പരിഷ്കരണങ്ങൾ വരുത്തുന്നതിനൊപ്പം അദ്ദേഹം കൃത്യസമയത്ത് ചെക്ക്‌ലിസ്റ്റുകൾ പരിശോധിക്കുകയും തന്റെ മണ്ഡലത്തിൽ 18-19 വയസ്സ് പ്രായമുള്ള പരമാവധി വോട്ടർമാരെ ചേർക്കുകയും ചെയ്തിട്ടുണ്ട്.


കൂടാതെ, 32ബൈനൗലിം അസംബ്ലി മണ്ഡലത്തിനായുള്ള എഇആർഒയുടെ അന്നത്തെ ഓഫീസിൽ തന്റെ സഹ ബിഎൽഒമാർക്കായി അദ്ദേഹം ബിഎൽഒ ആപ്പിനെ കുറിച്ച് സമഗ്രമായ ഒരു സെഷൻ നടത്തി. മര്യാദയുള്ള പെരുമാറ്റം, ഊർജ്ജസ്വലമായ സമീപനം എന്നിവയ്ക്ക് പേരുകേട്ട ശ്രീ. റോഡ്രിഗസ് തന്റെ മേലുദ്യോഗസ്ഥരുമായും തന്റെ മണ്ഡലത്തിലെ വോട്ടർമാരുമായും നല്ല ബന്ധം വളർത്തിയെടുത്തിട്ടുണ്ട്. ശ്രീ. ചാൾസ് റെസ്റ്റി റോഡ്രിഗസ് മികച്ച ബിഎൽഒ പുരസ്കാരത്തിനായി നാമനിർദ്ദേശം ചെയ്യപ്പെട്ടു. കൂടാതെ സംസ്ഥാനത്തെ മറ്റ് ബിഎൽമാർക്ക് ഒരു മാതൃകയാണ്.




ബിഎൽഒമാർ പ്രചരിപ്പിക്കേണ്ട മറ്റൊരു നിർണായക വിവരം വോട്ടുചെയ്യാനുള്ള EPIC (വോട്ടർ ഐഡി കാർഡ്) കൂടാതെ ബദൽ തിരിച്ചറിയൽ കാർഡുകളുമായി ബന്ധപ്പെട്ടതാണ്.

## വോട്ട് ചെയ്യാൻ ഉപയോഗിക്കാവുന്ന മറ്റ് തിരിച്ചറിയൽ കാർഡുകളുണ്ട്.

- വോട്ടർ ഐഡി കാർഡ് (EPIC)
- ആധാർ കാർഡ്
- പാൻ കാർഡ്
- യുണീക്ക് ഡിസെബിലിറ്റി ഐഡി (യുഡിഐഡി) കാർഡ്
- സർവീസ് തിരിച്ചറിയൽ കാർഡ്
- ബാങ്ക്/പോസ്റ്റ് ഓഫീസ് മുഖേന ലഭിക്കുന്ന ഫോട്ടോ പതിച്ച പാസ്ബുക്ക്
- ആരോഗ്യ ഇൻഷുറൻസ് സ്മാർട്ട് കാർഡ് (ലേബർ മന്ത്രാലയം)
- ഡ്രൈവിംഗ് ലൈസൻസ്
- പാസ്പോർട്ട്
- NPR പ്രകാരം RGI നൽകിയ സ്മാർട്ട് കാർഡ്
- പെൻഷൻ രേഖ
- എംപി/എംഎൽഎ/എംഎൽസിമാർക്ക് നൽകിയ ഔദ്യോഗിക തിരിച്ചറിയൽ കാർഡ്
- ദേശീയ തൊഴിലുറപ്പ് പദ്ധതി ജോബ് കാർഡ്



ഒരു വോട്ടറും പിന്നിൽ ഉപേക്ഷിക്കപ്പെടുന്നില്ലെന്ന് ഉറപ്പാക്കാൻ എല്ലാ ബിഎൽഒമാരും പ്രതിജ്ഞാബദ്ധരായിരിക്കണം. വരാനിരിക്കുന്ന തിരഞ്ഞെടുപ്പുകളിൽ അതത് ബൂത്തുകളിൽ വോട്ടർമാരുടെ ഗണ്യമായ പങ്കാളിത്തത്തിലൂടെ നമ്മുടെ ശ്രമഫലം പ്രകടമാകും.